"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - നവകേരള സദസ്സ് - തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മണ്ഡലത്തിലുള്ള വടക്കാഞ്ചേരി കൾച്ചറൽ കൺവെൻഷൻ സെന്ററിന്റെ നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.255/2026/CLAD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. സ.ഉ. (കൈ)നം.4/2025/PIEMD തീയതി, 22/09/2025
2. സ.ഉ(സാധാ)നം.5/2026/സാം.കാ.വ തീയതി, 01/01/2026
3. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 02.02.2026-ലെ പി2-1474/2025/സാം.വ നമ്പർ കത്ത്.
4. 13.03.2026-ൽ ചേർന്ന ഭരണാനുമതി കമ്മിറ്റിയുടെ തീരുമാനം

**<u>ഉത്തരവ്</u>**

പരാമർശം(1) പ്രകാരം നവകേരള സദസ്സ് പുതുക്കിയ പദ്ധതികളിൽ മുൻഗണന നിശ്ചയിച്ച് നൽകിയതും സാംസ്കാരിക വകുപ്പ് മേൽനോട്ടം വഹിക്കേണ്ട പ്രവൃത്തികളിൽ ക്രമനമ്പർ 103 ആയി ഉൾപ്പെടുത്തിയിട്ടുള്ളതുമായ വടക്കാഞ്ചേരി കൾച്ചറൽ കൺവെൻഷൻ സെന്ററിന്റെ നിർമ്മാണ പ്രവൃത്തിക്ക് 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ, വടക്കാഞ്ചേരി നഗരസഭയുടെ സമ്മതപത്രം എന്നിവ ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കണമെന്നും സാംസ്കാരിക വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. നവകേരള സദസ്സിൽ ഉയർന്നുവന്ന വികസന പദ്ധതികളിൽ സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ടവയ്ക്ക് ഭരണാനുമതി നൽകുന്നതിനായി രൂപീകരിച്ച കമ്മിറ്റി, പരാമർശം (4) പ്രകാരം വടക്കാഞ്ചേരി കൾച്ചറൽ കൺവെൻഷൻ സെന്ററിന്റെ നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മണ്ഡലത്തിലുള്ള വടക്കാഞ്ചേരി കൾച്ചറൽ കൺവെൻഷൻ സെന്ററിന്റെ നിർമ്മാണ പ്രവൃത്തിക്ക് 7 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ (വടക്കാഞ്ചേരി),കേരള നിയമസഭ
(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്‍്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ് , തിരുവനന്തപുരം
പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്
ധനകാര്യ (എഡ്യൂക്കേഷൻ-ഡി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജനസമ്പർക്ക(വെബ്&ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ (C2/184/2025-CLAD-Part(2) )

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 15-03-2026 11:30:16
സെക്ഷൻ ഓഫീസർ

പകർപ്പ്ഃ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ്
സാംസ്കാരിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ